പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 131

30.09.2011-ൽ മറുപടിയ്ക്ക്

## തൊഴിലുറപ്പു പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ്<br>,, സി. കെ. സദാശിവൻ<br>,, ആർ. സെൽവരാജ്<br>,, കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. ദേശീയ തൊഴിലുറപ്പ് നിയമപ്രകാരം തൊഴിലിനായി അർഹതയുള്ളവർ നൽകുന്ന അപേക്ഷകളിന്മേൽ നിയമാനുസൃതമായി രജിസ്റ്റർ ചെയ്തു തൊഴിൽ കാർഡ് നൽകുന്നതിൽ പഞ്ചായത്തുകൾ വീഴ്ച വരുത്തുന്നതായി ഗ്രാമവികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ. ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി. രജിസ്റ്റർ ചെയ്യപ്പെടുന്നവർക്ക് നിശ്ചിതദിവസങ്ങൾക്കകം തൊഴിൽ ഉറപ്പാക്കാൻ സാധ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ; | ബി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിൽ കാർഡുടമകൾക്ക് , തൊഴിൽ ആവശ്യപ്പെട്ടാൽ 15 ദിവസത്തിനകം തൊഴിൽ നൽകുന്നുണ്ട്. |
| സി. തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ ലഭിക്കാതിരിക്കുകയും എന്നാൽ ഇതിന്റെ പേരിൽ തൊഴിലില്ലായ്മ വേതനം നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ തയ്യാറാകുമോ? | സി. ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.